# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ**

3746 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നുണ്ടോ;

(ബി) ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാമാണ് പ്രസ്തുത കാർഡുകൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വനം വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം</u>

3747 ശ്രീ. കെ. മുരളീധരൻ
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് ഐപാഡും മറ്റുദ്യോഗസ്ഥർക്ക് മൊബൈൽ ഫോണും നൽകുന്നത് പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### റാപിഡ് റെസ്പോൺസ് ടീം

3748 **ശ്രീ. കെ.അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനം വകുപ്പിനുകീഴിൽ എത്ര റാപിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.ടി) പ്രവർത്തിക്കുന്നു എന്നും അത് എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആർ.ആർ.ടി.കളുടെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ആർ.ആർ.ടികളുടെ പ്രവർത്തനങ്ങളിലൂടെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും പൊതുജനങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഓരോ ആർ.ആർ.ടി.യിലും ഏതൊക്കെ റാങ്കിലുളള എത്രവീതം ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; ആർ.ആർ.ടി.കളിലെ ഉദ്യോഗസഥരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിന് സഹായകരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ആർ.ആർ.ടി.കൾക്കും എത്ര തുകവീതം അനുവദിച്ചുവെന്നും അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ജി) ആർ.ആർ.ടി.കൾക്ക് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതായി വകുപ്പിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(എച്ച്) ആർ.ആർ.ടികളിലെ ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പാതയോര വനവൽക്കരണം</u>

3749 ശ്രീ. സി. എഫ് തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പരിപാടിയിൽ പാതയോരങ്ങളിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) പാതയോരങ്ങളിൽ നേരത്തെ നടപ്പിലാക്കിയ പദ്ധതികൾ വിജയകരമായിരുന്നോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### <u>പുനർവനവൽക്കരണം</u>

3750 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നശീകരിക്കപ്പെട്ടിട്ടുളള വന പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പുനർവനവൽക്കരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; അതിനായി എന്തെല്ലാം പ്രോജക്ടുകൾ ആണ് പരിഗണനയിലുളളത്;

(ബി) ഇതിനായി സർക്കാർ എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നത്; പ്രസ്തുത തുക പര്യാപ്തമാണോ; അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പാലക്കാട് ജില്ലയിൽ എത്ര ഏക്കർ വനമാണ് പുനർവനവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; അതിന് എന്തു തുകയാണ് ചെലവു പ്രതീക്ഷിക്കുന്നത്?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ</u>**

**3751 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലംഘനം നടത്തിയ എത്ര വനം വകുപ്പുവക എസ്റ്റേറ്റുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത എസ്റ്റേറ്റുകളുടെ പേരിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വനം വകുപ്പ് ഇത്തരത്തിൽ എത്ര എസ്റ്റേറ്റുകൾ തിരിച്ചെടുത്തിട്ടുണ്ടെന്നും കോടതി ഇടപെടലിനെത്തുടർന്ന് എത്ര എണ്ണം ഉടമകൾക്ക് തിരിച്ചു നൽകേണ്ടിവന്നിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കാനുള്ള നടപടികൾ</u>

3752

ശ്രീ. എം. ചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, സി. കെ. സദാശിവൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ആരെല്ലാമാണ് നിവേദനം നൽകിയത്; അതിൽ മന്ത്രി പദവിയിലുള്ള ആരെങ്കിലും ഉണ്ടോ; ഇതുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനങ്ങളുടെയും റിപ്പോർട്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) രാജാക്കാട്, മാങ്കോട്, ചെറുനെല്ലി എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘിക്കുകയും, എസ്റ്റേറ്റ് മറിച്ചു വിൽക്കുകയും ചെയ്തതിനെതിരെ മുൻസർക്കാർ കേസെടുത്തിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കേരള ഫോറസ്റ്റ് ടൂറിസ്റ്റ് കോര്‍പ്പറേഷന്‍ രൂപീകരണം**

3753 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വനംവകുപ്പിന്റെ കീഴില്‍ കേരള ഫോറസ്റ്റ് ടൂറിസ്റ്റ് കോര്‍പ്പറേഷന്‍ രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത കോര്‍പ്പറേഷന്‍ രൂപീകരിക്കാന്‍ തീരുമാനിച്ച സാഹചര്യം വ്യക്തമാക്കുമോ;

(സി) വനങ്ങള്‍ കേന്ദ്രീകരിച്ച് നടത്തുന്ന വിനോദ സഞ്ചാര വികസനം വനത്തിനും, വന്യജീവികള്‍ക്കും അപകടകരമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വനം വകുപ്പു ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവിനായി നടപടി**

3754 ശ്രീ. എം. എ. ബേബി
,, പി. റ്റി. എ. റഹീം
,, ബി. ഡി. ദേവസ്സി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിന്റെ ഭാഗമായി വനനശീകരണം തടയുന്നതിനും വനമേഖലയ്ക്ക് പുറത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സർക്കാർ പുതുതായി എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) വനഭൂമി കയ്യേറ്റം തടയുന്നതിനായി വനംവകുപ്പിന്റെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വനം വകുപ്പിലെ മാലിന്യ സംസ്കരണം</u>

3755 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഓഫീസുകളിൽ നിന്നും ക്വാട്ടേഴ്സുകളിൽ നിന്നുമുളള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ;

(സി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 26.06.2012 –ലെ മറുപടിക്ക്

<u>വനം വകുപ്പിൽ ബയോഗ്യാസ് പ്ലാന്റ്</u>

3756 ശ്രീ. ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കു ന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശി ക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>വനം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാർ</u>**

**3757**

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഫോറസ്റ്റ് വാച്ചർ മുതൽ ഫോറസ്റ്റർവരെയുള്ള തസ്തികകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര പേർക്ക് നിയമന ഉത്തരവ് നൽകി എന്നും നിയമന ഉത്തരവ് ലഭിച്ച എത്രപേർ ജോലിയ്ക്ക് ഹാജരായി എന്നും ജോലിയിൽ പ്രവേശിച്ച എത്ര പേർ വകുപ്പിൽ നിന്നും വിട്ടുപോയി എന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ തസ്തികയിലും ഇപ്പോൾ എത്ര ഒഴിവുകൾ വീതം നിലവിലുണ്ട് എന്ന് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ ദീർഘകാലമായി നികത്താതെയിരിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജീവനക്കാർ കൂടുതലായി പിരിഞ്ഞുപോകുന്നുണ്ടെങ്കിൽ അതിനുകാരണം കണ്ടെത്തിയിട്ടുണ്ടോ;

(ഇ) വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നവരെ നിലനിർത്തുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വാച്ചർമാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

3758 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 20 വർഷക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ വാച്ചർ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവോ;

(ബി) ഇത്തരം ജീവനക്കാർക്ക് യൂണിഫോം, ഐഡന്റിറ്റി കാർഡ്, മെഡിക്കൽ അലവൻസ് എന്നിവ നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വനം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ</u>

3759 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് എന്തെല്ലാം പ്രസിദ്ധീകരണങ്ങളാണ് പുറത്തിറക്കുന്നത്; വിശദമാക്കുമോ;

(ബി) ഇവ കൂടുതൽ ആകർഷകമായ രീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി എടുക്കുമോ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഫര്‍ണിച്ചര്‍ യൂണിറ്റിനുള്ള ലൈസന്‍സ്**

**3760 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ മൊഗ്രാല്‍പുത്തൂര്‍ പഞ്ചായത്ത് സ്വദേശി കെ. ബി. കുഞ്ഞാമു എന്നയാള്‍ ഫര്‍ണിച്ചര്‍ യൂണിറ്റ് ആരംഭിക്കാന്‍ അപേക്ഷ സമര്‍പ്പിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എന്ന് ലൈസന്‍സ് അനുവദിക്കാനാകും;

(സി) 4493(dtd-23/6/2010),FCI-4623/2010 ഫയലിലെ നടപടികള്‍ എന്തായെന്നും എന്നു തീര്‍പ്പു കല്‍പ്പിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കാട്ടുതീ പ്രതിരോധം</u>

3761 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12 വർഷങ്ങളിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് കേരളത്തിലെ ഓരോ വനം ഡിവിഷനിലും എത്ര കിലോമീറ്റർ വീതം ഫയർലൈൻ തെളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) കാട്ടുതീ തടയുന്നതിന് പ്രസ്തുത വർഷങ്ങളിൽ എത്ര ഫയർ വാച്ചർമാരെ വീതം നിയമിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) 2010-11 ൽ തെളിച്ച ഫയർ ലൈൻ, നിയമിച്ച വാച്ചർമാരുടെ എണ്ണം എന്നിവയിൽ നിന്നും 2011-12 ൽ തെളിച്ച ഫയർലൈൻ, നിയമിച്ച വാച്ചർമാരുടെ എണ്ണം എന്നിവയ്ക്ക് കുറവു വന്നിട്ടുണ്ടോ ; എങ്കിൽ ആയതിനു കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ കുറവുകാരണം കൂടുതൽ പ്രദേശങ്ങളിൽ കാട്ടുതീ പടർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കാട്ടുതീ പ്രതിരോധിക്കുന്നതിനായി ഹെലികോപ്റ്റർ ഉൾപ്പെടെയുളള സംവിധാനം പരീക്ഷിക്കുന്ന കാര്യം പരിശോധിക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കാട്ടുതീ നിയന്ത്രണത്തിന് ആധുനിക സംവിധാനം**

**3762 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ നിയന്ത്രണത്തിന് നിലവിലുള്ള പരമ്പരാഗത രീതികൾക്കുപരിയായി അത്യാധുനിക യന്ത്രസാമഗ്രികൾ ഉപയുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇല്ലെങ്കിൽ ഇത്തരം ആധുനികവത്കരണത്തിനുള്ള പഠനവും, പരിശ്രമവും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**അതിരപ്പിള്ളി ടൂറിസ്റ്റു കേന്ദ്രത്തിൽ പാർക്കിംഗ് ഫീസും പ്രവേശന ഫീസും**

**3763 ശ്രീ. ബി.ഡി ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് അതിരപ്പിള്ളി ടൂറിസ്റ്റു കേന്ദ്രത്തിൽ പൊതുമരാമത്ത് റോഡിൽക്കൂടി എത്തിച്ചേരുന്ന വാഹനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീസും, ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശന ഫീസും എന്നു മുതലാണ് ഈടാക്കി തുടങ്ങിയത്;

(ബി) പ്രസ്തുത ഇനങ്ങളിൽ നാളിതുവരെ എത്ര തുക വനം വകുപ്പിന് പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) അതിരപ്പിള്ളിയിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ടൂറിസ്റ്റുകൾക്ക് അവിടെയുള്ള അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>കണമല പാലത്തിന്റെ നിർമ്മാണം</u>**

**3764 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പമ്പയാറ്റിലെ കണമലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കണമല പാലത്തിന്റെ സ്റ്റേജ് -2 അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഇനിയും അനുമതി ലഭിക്കേണ്ടത് ഏത് ഓഫീസിൽ നിന്നാണ്; വനം വകുപ്പ് ഇതു സംബന്ധിച്ച് അയച്ച കത്തിന്റെ കോപ്പി ലഭ്യമാക്കുമോ; അന്തിമ അനുമതി ലഭിക്കാൻ ഇനിയും എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളത്;

(സി) പാലം നിർമ്മാണത്തിന് 2 വർഷം മുമ്പ് തന്നെ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാലും സംസ്ഥാന വനം വകുപ്പിന്റെ സ്റ്റേജ് -1 അനുമതി ലഭിച്ചിട്ടുള്ളതിനാലും, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് -2 അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**നാദാപുരത്തെ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ**

3765 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 'പരിസ്ഥിതി ദുർബല പ്രദേശ ഭൂമി' (ഇ.എഫ്.എൽ.)യായി പ്രഖ്യാപിച്ച എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിക്ക് പ്രത്യേകം അതിരുകൾ മാർക്ക് ചെയ്ത് സ്കെച്ച് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര കേസുകൾ തീർപ്പുകൽപിച്ചിട്ടുണ്ട്;

(ഡി) ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്ത ഏതെങ്കിലും കർഷകരുടെ ഭൂമിക്ക് ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>എക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ</u>**

**3766 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ക്ഷേമ പ്രവർത്തനങ്ങൾക്കായി എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് എത്ര എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; ഏതെല്ലാം വന പ്രദേശങ്ങളിലാണ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുളളത്; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും, ചുമതലകളും എന്തൊക്കെയാണ്?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>മലയാറ്റൂർ നാച്ചുറൽ സ്റ്റഡി സെന്റർ</u>

3767 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ നാച്ചുറൽ സ്റ്റഡി സെന്ററിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ഉൾപ്പെടെയുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഔഷധസസ്യത്തോട്ടത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**നിലമ്പൂർ മേഖലയിൽ വന്യജീവികളുടെ ആക്രമണം**

**3768** **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണങ്ങൾ തടയുന്നതിന്റെ ഭാഗമായി നിലമ്പൂർ വനമേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വനംവകുപ്പ് നാളിതുവരെ നടത്തിയിട്ടുള്ളത് ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>വനാതിർത്തിയിൽ ജെണ്ട നിർമ്മാണം</u>**

**3769** **ശ്രീ. ബെന്നി ബെഹനാൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ)** **ഈ സർക്കാർ അധികാരമേറ്റശേഷം ഏതൊക്കെ വനം ഡിവിഷനുകളിൽ ജെണ്ട നിർമ്മിച്ച് വനാതിർത്തി തിരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;**

**(ബി)** **വനം കയ്യേറ്റം തടയുന്നതിനായി നിർമ്മിച്ച ജെണ്ടകളുടെ എണ്ണം വനം ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

**വന്യമൃഗങ്ങളുടെ തോൽ കൈവശം വച്ചിരിക്കുന്ന പരിസ്ഥിതി പ്രവർത്തകർ**

3770 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പൊതു യോഗത്തിൽ വന്യമൃഗങ്ങളുടെ തോൽ കൈവശം വച്ചിരിക്കുന്നു എന്ന് പ്രഖ്യാപിച്ച പരിസ്ഥിതി പ്രവർത്തകരുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പാമ്പ് കടിയേറ്റ് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം**

**3771 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാമ്പു കടിയേറ്റ് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആകെ എത്ര തുക ഈ ഇനത്തിൽ അനുവദിച്ചുനൽകുകയുണ്ടായി?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**വന്യമൃഗശല്യം**

**3772**

**ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ചാലക്കുടി പുഴയ്ക്ക് തെക്കും പെരിയാറിന് വടക്കുമായി മലയാറ്റൂർ, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന്റെ അതിർത്തിയിൽ വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി അടിയന്തിരമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;**

(ബി) **ഇതു സംബന്ധിച്ച് മുൻകാലങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ നടപടികൾ പ്രാവർത്തികമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുമോ;**

(സി) **ഭൂപ്രകൃതിക്കനുസൃതമായി മലയാറ്റൂർ, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനുകളുടെ അതിർത്തികൾ പുനർനിർണ്ണയിച്ച് ഫോറസ്റ്റ് ഡിവിഷൻ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>നാട്ടാനകളുടെ രജിസ്ട്രേഷൻ</u>

3773 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന നാട്ടാനകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ആനകളെ രജിസ്റ്റർ ചെയ്യാത്ത ഉടമകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കേരളത്തിൽ ഫുട്ബാൾ അക്കാദമി**

3774 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന് ഫുട്ബോൾ ടീമുകൾക്കും കളിക്കാർക്കും എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്;

(ബി) ഫിഫയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ ഫുട്ബാൾ അക്കാദമി സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കായിക പരിശീലന കേന്ദ്രങ്ങൾ</u>

3775 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി. പി. അയിഷാ പോറ്റി
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികതാരങ്ങളെ ഒളിമ്പിക്സ്, കോമൺ വെൽത്ത്, ഏഷ്യൻ ഗെയിംസ് പോലുള്ള മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

(ബി) കായിക താരങ്ങൾക്ക് വിദ്യാഭ്യാസത്തിനുശേഷം അവരുടെ പ്രതിഭ തെളിയിക്കാൻ അവസരം ഇല്ലാത്തത് പരിഹരിക്കാൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രൊഫഷണൽ കോഴ്സുകൾക്കടക്കം സ്പോർട്സ് ക്വാട്ട മാനദണ്ഡം പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് തലത്തിൽ സ്പോർട്സ് സൗകര്യങ്ങൾ</u>

3776 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വികസനത്തിന് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തെല്ലാം കേന്ദ്ര, സംസ്ഥാന പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്പോർട്സ് കൗൺസിൽ മുഖേന ഗ്രൗണ്ടുകൾ നവീകരിക്കുന്നതിന് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പണം ലഭിക്കാത്തവയുണ്ടോ;

(ഡി) എങ്കിൽ അവ ഉടനെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>സായ്-യുടെ സെന്റർ ഫോർ എക്സലൻസ് പദ്ധതി</u>**

**3777 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് വിദഗ്ദ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(ബി) സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സെന്റർ ഓഫ് എക്സലൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം കായിക ഇനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുക ;

(ഡി) എത്ര പേർക്ക് പ്രസ്തുത പദ്ധതിക്ക് കീഴിൽ പരിശീലനം നൽകാനാകുമെന്ന് വിശദമാക്കാമോ ;

(ഇ) ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ, ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>സ്പോർട്സ് ക്വോട്ടാ നിയമനം</u>**

**3778** **ശ്രീ. കെ ശിവദാസൻ നായർ**
**,, കെ. മുരളീധരൻ**
**,, തേറമ്പിൽ രാധാകൃഷ്ണൻ**
**,, പി. സി. വിഷ്ണുനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്പോർട്സ് ക്വോട്ടാ നിയമനത്തിന് അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്ന രീതി എങ്ങനെയാണ് വിശദമാക്കുമോ;**

(ബി) **അപേക്ഷകർക്ക് നൽകിയവർക്ക് അതുവരെ ലഭിച്ചിട്ടുള്ള മെഡലുകളുടേയും പുരസ്കാരങ്ങളുടേയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് സോഫ്റ്റ് വെയർ സൗകര്യം ഒരുക്കുമോ;**

(സി) **എങ്കിൽ ഏത് ഏജൻസിയെ ആണ് ഇതിന് ചുമതലപ്പെടുത്തിയത്; വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### സ്കൂളുകളിൽ കായിക പരിശീലന പദ്ധതി

3779

ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കായിക പരിശീലനത്തിന് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആദ്യഘട്ടത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എവിടെയൊക്കെയാണ് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കായിക വികസന നയവും ഫണ്ടും**

T3780 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായിക വികസന ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ച 'കായികനയ' ത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം'**

**3781 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കളിസ്ഥലങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(സി) കളിസ്ഥലങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**നീന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായം**

3782 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നീന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നുണ്ടോ;**

(ബി) **കോഴിക്കോട് ജില്ലയിലെ എലത്തൂരിലും കുരുവട്ടൂർ, കാക്കൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിലും നീന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായമാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;**

(സി) **ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട്</u>**
**<u>സ്റ്റേഡിയം നിര്‍മ്മാണം</u>**

**3783 ശ്രീ സി. ദിവാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രധാന സ്റ്റേഡിയങ്ങളുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളാണ് അന്തര്‍ദേശീയ നിലവാരത്തില്‍ പൂര്‍ത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ;**

(ബി) **ബാക്കിയുള്ളവ എന്ന് പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>നാടൻ കായികവിനോദങ്ങളുടെ പ്രോത്സാഹനം</u>

3784 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യരാജ്യങ്ങളുടെ കായികവിനോദങ്ങളും കായിക മത്സരങ്ങളുമാണ് നമ്മുടെ സംസ്ഥാനത്ത് അധികമായി പ്രചരിപ്പിക്കപ്പെടുന്നതെന്നും, നമ്മുടെ നാടിന്റെ തനത് കായിക വിനോദങ്ങൾ മിക്കവയും അന്യം നിന്നു പോയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാടൻ പന്തുകളിയടക്കം നമ്മുടെ തനത് കായിക വിനോദങ്ങളെ തിരികെകൊണ്ടുവരുവാനും യുവജനങ്ങളെയും മുതിർന്നവരെയും ഇത്തരം കളികളുടെ അസ്വാദകരാക്കുവാനും ഇതിന്റെ ഭാഗമാക്കാനും ഉതകുന്ന ഒരു പദ്ധതി രൂപപ്പെടുത്തുമോ?

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും യുവജനക്ഷേമ മന്ത്രാലയത്തിന്റേയും സംയുക്ത മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും, ഗ്രാമതലം മുതൽ നാടൻ കായിക വിനോദങ്ങളുടെ പ്രദർശനത്തിനും വർഷംതോറുമുള്ള മത്സരങ്ങൾക്കും വേദിയൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സർക്കസ്സ് കലാകാരൻമാർക്ക് പെൻഷൻ**

**3785** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അവശതയനുഭവിക്കുന്ന സർക്കസ്സ് കലാകാരൻമാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത കലാകാരൻമാർക്ക് പെൻഷൻ നൽകിവരുന്നുണ്ടോ;**

(സി) **എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**തലശ്ശേരിയിലെ സർക്കസ് അക്കാദമി**

**3786**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ആരംഭിച്ച സർക്കസ് അക്കാദമിക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക നീക്കിവെച്ചന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അക്കാദമിയുടെ പശ്ചാത്തലസൗകര്യങ്ങൾക്കായി ഇതിനകം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കാമോ;

(സി) അക്കാദമിയുടെ സ്ഥലമെടുപ്പ്, കെട്ടിട നിർമ്മാണത്തിന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും പ്രവൃത്തി എന്നിവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം</u>

**3787**

**ശ്രീ. ബി സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന് വേണ്ടി നവീകരിക്കുന്ന ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഗെയിംസിന് ശേഷം വിവിധ സ്പോർട്സ് ഇനങ്ങളുടെ പരിശീലനകേന്ദ്രമാക്കാനുള്ള ശുപാർശകൾ എന്തെങ്കിലും നിലവിലുണ്ടോ;

(ബി) ആധുനിക സൗകര്യങ്ങളൊരുക്കുന്ന പ്രസ്തുത സ്റ്റേഡിയത്തെ ഒരു പ്രധാന കായിക പരിശീലനകേന്ദ്രമാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കക്കാട് സ്വിമ്മിംഗ് പൂൾ**

3788 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കക്കാട് സ്പോർട്സ് കൗൺസിലിന്റെ കൈവശമുള്ള സ്ഥലത്ത് സ്വിമ്മിംഗ് പൂൾ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### കണ്ണൂർ ജില്ലയിൽ സ്വിമ്മിംഗ്പൂൾ

3789 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ സ്വിമ്മിംഗ്പൂൾ സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ സർക്കാർ നേരിട്ടു സ്വിമ്മിംഗ്പൂൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>നീലേശ്വരത്തെ ഇ. എം. എസ്. സ്റ്റേഡിയം നിർമ്മാണം</u>**

T3790 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മുൻ സർക്കാർ 2 കോടി രൂപ അനുവദിച്ചിരുന്ന നീലേശ്വരം ഇ. എം. എസ്. സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**എസ്. പി. മുരളീധരന് അംഗീകാരം**

**3791**

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാഹസിക നീന്തൽ താരം എസ്. പി. മുരളീധരന്റെ നേട്ടങ്ങൾക്കുളള അംഗീകാരമായി സംസ്ഥാന സർക്കാർ എന്ത് പാരിതോഷികം നൽകാൻ ഉദ്ദേശിക്കുന്നു;

(ബി) എസ്. പി. മുരളീധരനെ അനുമോദിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു ചടങ്ങ് സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വികസനം</u>**

3792 **ശ്രീ. എൻ. ഷംസുദ്ദീൻ**
**,, കെ. മുഹമ്മദുണ്ണി ഹാജി**
**,, കെ.എൻ.എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ആലോചനയിലുള്ളതെന്ന് വിശദമാക്കുമോ;**

(ബി) **സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ;**

(സി) **കോർപ്പറേഷന്റെ കീഴിലെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, സ്റ്റുഡിയോ പ്രവർത്തനം ആധുനികവത്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; അവിടെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർക്ക് മാത്രം സാങ്കേതിക മേഖലകളുടെ ചുമതലകൾ നൽകുമോ?**

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ചിത്രാഞ്ജലി സ്റ്റുഡിയോക്ക് വേണ്ടി ചെലവഴിച്ച തുക**

**3793 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

(ബി) ഏതൊക്കെ ഇനങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നത്;

(സി) വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത തുക എങ്ങനെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനു വേണ്ടി പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങലിൽ ഇന്റർനാഷണൽ പ്രദർശനം**

3794 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മികച്ച സിനിമാ തിയേറ്ററുകൾ ഉള്ള ആറ്റിങ്ങലിൽ തിരുവനന്തപുരത്ത് നടത്തുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ പ്രദർശനം സംഘടിപ്പിക്കുന്നതിൽ നിയമതടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തിയേറ്ററുകളിൽ ഫിലിം ഫെസ്റ്റിവൽ പ്രദർശനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചേലങ്ങാട്ട് ഗോപാലകൃഷ്ണന്റെ സ്മരണ നിലനിർത്തുന്നതിന് നടപടി**

3795 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്രമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ചേലങ്ങാട്ട് ഗോപാലകൃഷ്ണന്റെ സംഭാവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്ന തരത്തിൽ ഒരു പരിപാടി സംഘടിപ്പി ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സാംസ്കാരിക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

3796 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ രൂപീകരിച്ച സാംസ്കാരിക ക്ഷേമനിധി ബോർഡിന്റെ നിലവിലുളള പ്രവർത്തനത്തിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാംസ്കാരികക്ഷേമ നിധിയിൽ അംഗത്വത്തിനായുളള അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നതിന്റെ കാരണം പറയാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട് ; അതിന്മേൽ തീരുമാനമെടുത്തവ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കലാകാര പെന്‍ഷന്‍**

3797 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ ഫിലിം ഡവലപ്മെന്റ് കോര്‍പ്പറേഷന്‍ സംസ്ഥാനത്തെ കലാകാരന്മാര്‍ക്ക് നല്‍കിക്കൊണ്ടിരുന്ന പെന്‍ഷന്‍ നിര്‍ത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എന്നു മുതലാണ് നിര്‍ത്തലാക്കിയത്;

(സി) സംസ്ഥാനത്ത് എത്ര പേര്‍ക്ക് എത്ര രൂപ വീതമാണ് നല്‍കിയിരുന്നത്;

(ഡി) പ്രസ്തുത പെന്‍ഷന്‍ നിര്‍ത്തലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഇ) പെന്‍ഷന്‍ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സര്‍ക്കാര്‍ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### ചിത്രാഞ്ജലി സ്റ്റുഡിയോ പുനരുദ്ധാരണം

3798 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റുഡിയോയിൽ ഡിജിറ്റൽ ക്യാമറയും ആധുനിക ലാബും സ്ഥാപിച്ച് ഷൂട്ടിംഗിനാവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?